**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1953** **06-07-2022 - ൽ മറുപടിയ്ക്ക്**

**കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലെ ഒഴിവുകളിലേക്ക്, സുതാര്യമായും ഏകീകൃതമായും നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളുടെ ഭരണനിയന്ത്രണത്തിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും ആവശ്യമെങ്കിൽ വിജ്ഞാപനം മുഖേന ഈ ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നിയമ വ്യവസ്ഥയും ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ സാങ്കേതിക തസ്തികകളുടെ നിയമനം പി.എസ്.സി.-യിൽ നിന്നും മാറ്റി ബോർഡിന് നൽകുവാൻ ആലോചനയുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇത്തരത്തിൽ പി.എസ്.സി.-യിൽ നിന്നും മാറ്റുന്നത് അഴിമതിക്കും സ്വജനപക്ഷപാതത്തിനും കാരണമാകുമെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരുമാനം പിൻവലിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ